ചന്ദ്രിക




എസ്എൻ.പുരത്ത് നടത്തിയ ദ്വിദിന സെമിനാർ തിരുവനന്തപുരം വല്ലത്ത് എജുക്കേഷനൽ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ഡോക്ടർ കല്യാണി വല്ലത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു

# ദ്വിദിന ദേശീയ സെമിനാർ

എസ്.എൻ പുരം: പടിഞ്ഞാറേ വെമ്പല്ലൂർ എം ഇ എസ് അസ്മാബി കോളേജ് ഇംഗ്ലീഷ് ഗവേഷണ വിഭാഗവും കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും സംയുക്തമായി 'കറന്റ് ലിറ്റററി ട്രെന്റ്സ് ഇൻ ഇംഗ്ലീഷ്' എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ സംഘടിപ്പിച്ചു തിരുവനന്തപുരം വല്ലത്ത് എജുക്കേഷനൽ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ഡോക്ടർ കല്യാണി വല്ലത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. ഐഐടി മദ്രാസിലെ ഇംഗ്ലീഷ് അസോസിയേറ്റ് പ്രൊഫസർ ഡോക്ടർ മെറിൻ സിമി രാജ്, ഡോക്ടർ ലിസ് മാരി ദാസ്, അധ്യാപകർ, ഗവേഷണ വിദ്യാർത്ഥികൾ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സെമിനാറിൽ പ്രിൻസിപ്പൽ ഡോക്ടർ എ ബിജു, ഡോക്ടർ ഷീന പി എ, വൈസ് പ്രിൻസിപ്പൽ ഡോക്ടർ റീന മുഹമ്മദ്, സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുടെ മേധാവി ഡോക്ടർ കെ പി സുമേധൻ, നാക്ക് കോഡിനേറ്റർ ഡോക്ടർ കെ എച്ച് അമിതാബച്ചൻ, സെമിനാർ കൺവീനർ ഡോക്ടർ അമിത പി മണി, സ്റ്റാഫ് സെക്രട്ടറി ഡോക്ടർ സനന്ദ് സദാനന്ദൻ തുടങ്ങിയവർ സംസാരിച്ചു.